പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .88

11.06.2012-ൽ മറുപടിക്ക്

# മത്സ്യമേഖലാവളർച്ചയും മത്സ്യബന്ധന-തുറമുഖ വകുപ്പുകൾ ഏകീകരിക്കുന്നതിനുമുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ് | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യമേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുളളത്; | (എ) ഉൾനാടൻ മത്സ്യമേഖലയുടെ വളർച്ചക്ക് വേണ്ടി മത്സ്യ സമൃദ്ധി പദ്ധതി, കുട്ടനാട്ടിലും കോൾനിലങ്ങളിലും ഒരുനെല്ലും ഒരുമീനും കൃഷി, പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷി, കയ്പ്പാട് നിലങ്ങളിൽ സംയോജിത ചെമ്മീൻ കൃഷി തുടങ്ങിയവ വിഭാവനം ചെയ്തിട്ടുണ്ട്. കടലോര മത്സ്യമേഖലയുടെ വളർച്ചയ്ക്ക് വേണ്ടി മത്സ്യഗ്രാമങ്ങളുടെ സംയോജിത വികസനപദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, മത്സ്യതൊഴിലാളി ഭവനനിർമ്മാണ പദ്ധതി, തീരമൈത്രി പദ്ധതി, മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം തുടങ്ങിയവയും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) മത്സ്യബന്ധന-തുറമുഖ വകുപ്പുകൾ ഏകീകരിച്ച് ഒരു ഡയറക്ടറുടെ കീഴിലാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ